**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.934**

**12-12-2012-ൽ മറുപടിയ്ക്ക്**

**സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുവാൻ നടപടി**

| **ചോദ്യം** | **ഉത്തരം** |
| --- | --- |
| ശ്രീ.അൻവർ സാദത്ത് :<br>ശ്രീ.ആർ.സെൽവരാജ് :<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ :<br>ശ്രീ. വർക്കല കഹാർ: | ശ്രീ. ഷിബു ബേബിജോൺ<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) തൊഴിൽ വകുപ്പിലെ സേവനങ്ങൾ ഓൺ ലൈനായി ലഭ്യമാക്കുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) തുടക്കം കുറിച്ചിട്ടുണ്ട്. തൊഴിൽ വകുപ്പിന്റെ കീഴിൽ വരുന്ന എല്ലാ സ്ഥാപനങ്ങളിലേയും സേവനങ്ങൾ ഓൺലൈൻ വഴി ലഭ്യമാക്കുന്ന പദ്ധതി 15/11/2012 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം; | (ബി) തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട സേവനങ്ങൾ ഓഫീസിൽ ഹാജരാകാതെ തന്നെ പൊതുജനങ്ങൾക്ക് സൗകര്യപ്രദമായ രീതിയിൽ ലഭ്യമാക്കുക എന്നുള്ളതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത് |
| (സി) ഏതെല്ലാം സേവനങ്ങളാണ് ഓൺലൈൻ വഴി ലഭ്യമാക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | (സി)<br>1) കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ളിഷ്മെന്റ് വർക്കേഴ്സ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ |

2) മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ.
3) കോൺട്രാക്ട് ലേബർ ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ/ലൈസൻസ്
4) ഇന്റർ സ്റ്റേറ്റ് വർക്ക്മെൻ ആക്ട് പ്രകാരമുള്ള രജിസ്ട്രേഷൻ/ലൈസൻസ്
5) ട്രേഡ് യൂണിയൻ രജിസ്ട്രേഷൻ
6) ചുമട്ടുതൊഴിലാളി രജിസ്ട്രേഷൻ

തൊഴിൽ വകുപ്പിനുവേണ്ടി ഓൺലൈൻ രജിസ്ട്രേഷൻ സോഫ്റ്റ്‌വെയർ രൂപകൽപ്പന ചെയ്തിട്ടുണ്ട്. ലേബർ ആഫീസുകളിൽ നിന്ന് ലഭിക്കേണ്ട സേവനങ്ങൾക്ക് വകുപ്പിന്റെ വെബ്സൈറ്റായ www.lc.kerala.gov.in വഴി apply online എന്ന ലിങ്ക് ഉപയോഗിച്ച് പൊതുജനങ്ങൾക്ക് അപേക്ഷകൾ സമർപ്പിക്കാം. അപേക്ഷിച്ചാലുടൻ താൽക്കാലിക നമ്പർ മൊബൈൽ ഫോണിലും ഇ-മെയിൽ മുഖേനയും അപേക്ഷകർക്ക് ലഭിക്കും. ഇപ്രകാരം ലഭിക്കുന്ന നമ്പർ മുഖേന കമ്പ്യൂട്ടർ തയ്യാറാക്കുന്ന അപേക്ഷാഫാറം ഡൗൺലോഡ് ചെയ്ത് ഒപ്പുവച്ച് നിശ്ചിത ഫീസ് അടച്ച ചെലാൻ സഹിതം ബന്ധപ്പെട്ട ഓഫീസിലേക്ക് അയച്ചുകൊടുക്കണം. രജിസ്ട്രേഷൻ നടപടികൾ പൂർത്തിയായാലുടൻ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ വഴി ഡൗൺലോഡ് ചെയ്യാൻ സാധിക്കും.

(ഒപ്പ്)

സെക്ഷൻ ഓഫീസർ